## കേരള സാഹിത്യ അക്കാദമി

# കേസരി

## സമകാലികതയുടെ സഞ്ചാരങ്ങൾ



**മൂന്ന് ദിവസം**
**മൂന്ന് പ്രഭാഷണങ്ങൾ**

പ്രഭാഷകൻ
**സുനിൽ പി.ഇളയിടം**

**ഡിസംബർ 20, 21, 22**
അക്കാദമി ഓഡിറ്റോറിയം, തൃശൂർ

സഹകരണം :
നവമലയാളി ഓൺലൈൻ മാഗസിൻ
navamalayali.com

# കേസരി

## സമകാലികതയുടെ സഞ്ചാരങ്ങൾ

സുഹൃത്തേ,

ഇരുപതാംനൂറ്റാണ്ടിലെ മലയാളസാഹിത്യത്തിന് ആധുനികധൈഷണികതയുടെ കരുത്ത് പകർന്ന കേരളത്തിലെ സമുന്നതനായ പ്രതിഭാശാലി ആയിരുന്നു കേസരി എ.ബാലകൃഷ്ണപിള്ള. പത്രാധിപർ, സാഹിത്യനിരൂപകൻ, സാമൂഹ്യവിമർശകൻ, കലാചിന്തകൻ, ചരിത്രകാരൻ എന്നിങ്ങനെ പല പ്രകാരങ്ങളിൽ അദ്ദേഹം തന്റെ ധൈഷണികചിന്തകൾ കേരള സമൂഹത്തിനു മുമ്പിൽ അവതരിപ്പിച്ചു. ചിന്തകളിലെ ദീർഘദർശിത്വം കൊണ്ട് അദ്ദേഹം അനാഗതമായ കാലത്തിന്റെ എഴുത്തുകാരനായി മാറി. ജ്ഞാനോദയാധുനികതയുടെ യുക്തികൾക്കുള്ളിലെന്നപോലെ അതിന്റെ വിമർശന സ്ഥാനങ്ങളിലും അതിനപ്പുറത്തും കേസരി ജീവിച്ചു. കേസരിയുടെ വിചാരജീവിതത്തെ സമഗ്രമായി വിലയിരുത്തുന്ന പ്രഭാഷണപരമ്പരയാണ് അക്കാദമിയും നവമലയാളി ഓൺലൈൻ മാഗസിനും ചേർന്ന് ആസൂത്രണം ചെയ്യുന്നത്. സുനിൽ പി.ഇളയിടമാണ് പ്രഭാഷകൻ. കേസരിയുടെ അറുപത്തിയൊന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ഡിസംബർ 20, 21, 22 തീയതികളിൽ വൈകുന്നേരം 5 മണിക്കാണ് തൃശ്ശൂർ സാഹിത്യ അക്കാദമിഹാളിൽ ഈ പ്രഭാഷണപരമ്പര സംഘടിപ്പിക്കുന്നത്. പരിപാടിയിലേക്ക് താങ്കളെ ആദരപൂർവം ക്ഷണിക്കുന്നു.

| | |
|---|---|
| **വൈശാഖൻ** | **ഡോ.കെ.പി.മോഹനൻ** |
| *പ്രസിഡണ്ട്* | *സെക്രട്ടറി* |



## 2021 ഡിസംബർ 20, തിങ്കൾ 5 മണി

സ്വാഗതം : അഡ്വ.വി.എൻ.ഹരിദാസ്

ആമുഖപ്രഭാഷണം: ഡോ.കെ.പി.മോഹനൻ

അധ്യക്ഷത : മ്യൂസ്മേരി ജോർജ്

ഉദ്ഘാടനം : വൈശാഖൻ

### പ്രഭാഷണം ഒന്ന്

### ആധുനികതയിലെ പാർപ്പിടങ്ങൾ : വ്യക്തിജീവിതവും പത്രാധിപത്യവും

പ്രഭാഷകൻ : സുനിൽ പി.ഇളയിടം

നന്ദി: ഈ.ഡി.ഡേവീസ്

## 2021 ഡിസംബർ 21 ചൊവ്വ 5 മണി

### പ്രഭാഷണം രണ്ട്

### സംക്രമണചിന്ത : കേസരിയുടെ കലാ - സാഹിത്യ ദർശനം

പ്രഭാഷകൻ : സുനിൽ പി.ഇളയിടം

സ്വാഗതം: രാജശേഖർ മേനോൻ

അധ്യക്ഷത: ഡോ.കവിത ബാലകൃഷ്ണൻ

നന്ദി : എൻ.ജി.നയനതാര

## 2021 ഡിസംബർ 22 ബുധൻ 5 മണി

### പ്രഭാഷണം മൂന്ന്

### യൂറോകേന്ദ്രിതത്വത്തിനപ്പുറം കേസരിയുടെ ചരിത്രവിചാരങ്ങൾ


പ്രഭാഷകൻ : സുനിൽ പി.ഇളയിടം

സ്വാഗതം: സ്വാതി ജോർജ്

അധ്യക്ഷത: ടി.ഡി.രാമകൃഷ്ണൻ

നന്ദി : കെ.എസ്.സുനിൽകുമാർ





# കേസരി

## സമകാലികതയുടെ സഞ്ചാരങ്ങൾ

**മൂന്ന് ദിവസം**
**മൂന്ന് പ്രഭാഷണങ്ങൾ**

പ്രഭാഷകൻ
**സുനിൽ പി.ഇളയിടം**

## കേസരി എ. ബാലകൃഷ്ണപിള്ള

രാഷ്ട്രീയവിമർശകൻ, ചരിത്രഗവേഷകൻ, സാഹിത്യനിരൂപകൻ, പത്രാധിപർ എന്നീ നിലകളിലെല്ലാം അവിസ്മരണീയനായ കേസരി ലോകസാഹിത്യത്തിലെ പുതിയ പ്രവണതകളെ മലയാളത്തിനു പരിചയപ്പെടുത്തി. 1889 ഏപ്രിൽ 13-ന് തിരുവനന്തപുരത്ത് ജനിച്ചു. തിരുവനന്തപുരം മഹാരാജാസ് കോളേജിൽനിന്ന് ബി.എ. ബിരുദം നേടി (1908). കുറെക്കാലം കോളേജ് അധ്യാപകനായി സേവനമനുഷ്ഠിച്ചു. അധ്യാപകനായിരിക്കുമ്പോൾ തന്നെ നിയമബിരുദം കരസ്ഥമാക്കി (1913). അധ്യാപകവൃത്തി ഉപേക്ഷിച്ച് അഡ്വക്കേറ്റായി, പ്രാക്ടീസ് ആരംഭിച്ചു (1917). അധികം താമസിയാതെ അഭിഭാഷകവൃത്തി ഉപേക്ഷിച്ച് പുരാവസ്തുശാസ്ത്രം, ചിത്രകല തുടങ്ങിയ വിഷയങ്ങളിൽ അവഗാഹം നേടുന്നതിനു ശ്രമിച്ചു. 1922-ൽ *സമദർശി*യുടെ പത്രാധിപത്യം ഏറ്റെടുത്തു. *സമദർശി*യിലൂടെ രാജവിദ്വേഷത്തിനു പാത്രമാവുകയും ചെയ്തു. 1926-ൽ നിലവിൽ വന്ന തിരുവിതാംകൂർ പത്രപ്രവർത്തന റെഗുലേഷനെതിരെ എഴുതിയ മുഖപ്രസംഗം പത്രമുടമയുടെ വിപ്രതിപത്തി സമ്പാദിച്ചു (1926). ആ പദവി രാജിവച്ച് തിരുവനന്തപുരത്ത് ശാരദാ പ്രസ്സ് സ്ഥാപിച്ച് (1930) *പ്രബോധകൻ* എന്ന വാരിക തുടങ്ങി. *പ്രബോധകന്റെ* ലൈസൻസ് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ റദ്ദ് ചെയ്യുകയും അദ്ദേഹം കോടതിയലക്ഷ്യത്തിന് ശിക്ഷിക്കപ്പെടുകയും ചെയ്തു. തുടർന്ന് *കേസരി* വാരികയുടെ ഉടമസ്ഥനായിരുന്ന നാരായണപ്പിള്ളയുമായി ബന്ധപ്പെട്ട് അദ്ദേഹത്തിൽനിന്ന് *കേസരി*യുടെ ലൈസൻസ് കരസ്ഥമാക്കി. അതിലൂടെ രാഷ്ട്രീയസാംസ്കാരികരംഗങ്ങളിലെ അനാശാസ്യതകളെ തുറന്ന് എതിർത്ത ബാലകൃഷ്ണപിള്ള സർക്കാരിന്റെ പത്രനിയമവ്യവസ്ഥകളിൽ പ്രതിഷേധിച്ച് പത്രപ്രസിദ്ധീകരണം നിർത്തിവെച്ചു (1935). അതിനുശേഷം സാഹിത്യപ്രവർത്തനങ്ങളിലും ചരിത്രഗവേഷണത്തിലും പൂർണമായി മുഴുകിയ അദ്ദേഹം തിരുവനന്തപുരത്തുനിന്നും പറവൂരിലേക്കു താമസം മാറ്റി. 1960 ഡിസംബർ 18-ന് അന്തരിച്ചു.

കൃതികൾ: കേസരിയുടെ മുഖപ്രസംഗങ്ങൾ, കേസരിയുടെ ലോകങ്ങൾ, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, ചരിത്രത്തിന്റെ അടിവേരുകൾ, ചരിത്രപഠനങ്ങൾ, നവലോകം, നവീനചിത്രകല, നോവൽപ്രസ്ഥാനങ്ങൾ, ഹർഷവർദ്ധനൻ, സാങ്കേതിക ഗ്രന്ഥനിരൂപണങ്ങൾ, രൂപമഞ്ജരി, രണ്ടു സാഹസികയാത്രകൾ, പ്രാചീനകേരളചരിത്രഗവേഷണം, അലക്സാണ്ടർ മഹാൻ, ഐതിഹ്യദീപിക, ഒരു സ്ത്രീയുടെ ജീവിതവും കാമുകനും, ചുവപ്പും കറുപ്പും, ഇബ്സന്റെ പ്രേതങ്ങൾ, എട്ടു പാശ്ചാത്യകഥകൾ.

**കേരള സാഹിത്യ അക്കാദമി**
തൃശൂർ–680 020, ഫോൺ: 0487 2331069, office@keralasahityaakademi.org
Website: keralasahityaakademi.org, akademiprogramme@gmail.com
വിശദവിവരങ്ങൾക്ക് : കെ.എസ്.സുനിൽകുമാർ (93492 26526) *കേരള സാഹിത്യ അക്കാദമി*